Uplift centres in Parur taluk.

* 52. MR. PAUL THALIAT : Will the Hon'ble Minister for Village Uplift be pleased to state :

(*a*) whether Government have sanctioned the opening of Uplift centres at Parakadavu and Puthenchirai in Parur taluk ;

(*b*) if the answer to (a) is in the affirmative, whether these centres have already been opened and if so when ;

(*c*) if the answer to (b) is in the negative, when they will be opened ; and

(*d*) if the answer to (b) is in the affirmative, the amount so far spent for those centres respectively ?

HON'BLE MR. N. KUNJURAMAN : (*a*) Yes.

(*b*) An uplift committee was formed at Puthenchira on 19-8-1123. The Village Union at Parakkadavu was constituted as an Uplift Committee on 6-7-1123.

(*c*) Answer to (b) is in the affirmative.

(*d*) Public Works Rs. 1,700 has been sanctioned for the construction of a boat jetty at Muttikkal, (Puthenchira) and Rs. 950 for the sinking of a well in the Parakkadavu Centre.

Expenditure under honorarium to Secretary and Contingencies :—

Parakkadavu Rs. 320—Puthenchira Rs. 638

MR. PAUL THALIAT : ഓരോ സെൻററിലും അതുകെ അ കൊല്ലങ്ങളിൽ അനുവദിച്ചിരുന്ന തുക എത്ര?

HON'BLE MR. N. KUNJURAMAN : അന്വേഷിച്ചു പറയാം.

MR. PAUL THALIAT : ഇരുപത്തിഅയ്യായിരം രൂപാ പുത്തൻചിറയ്ക്കു അനുവദിച്ചതായി അറിയാമോ?

HON'BLE MR. N. KUNJURAMAN : അതു ഇപ്പോൾ പറവാൻ നിവൃത്തി ഇല്ലാ.

MR. PAUL THALIAT : ഇതിൽ വളരെ നിസ്സാരമായ ഒരു തുക മാത്രമേ അവിടെ ചെലവു് ചെയ്യാൻ സാധിച്ചിട്ടുള്ള എന്നതിനു പ്രത്യേകകാരണം വല്ലതും ഉണ്ടോ?

HON'BLE MR. N. KUNJURAMAN : പ്രത്യേക കാരണമൊന്നുമില്ല.

MR. PAL THALIAT : എന്തെങ്കിലും കാരണമുണ്ടോ?

HON'BLE MR. N. KUNJURAMAN : ഗവണ്മെൻറിനു് അറിവില്ല.

MR. PAUL THALIAT : പിന്നെ എന്തുകൊണ്ടാണു് അങ്ങനെ വന്നതു്.

HON'BLE. MR. N. KUNJURAMAN : അവിടെ അത്രയുള്ള ജോലി മാത്രമേ ഉള്ളു.

LIBRARY ARCHIVES Kerala Legislative Assembly

MR. PAUL THALIAT : ഡിപ്പ ർട്ടുമെൻറിന്റെ കാര്യക്ഷമതക്കുറവു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് തോന്നുന്നുണ്ടോ?

HON'BLE. MR. N. KUNJURAMAN : അങ്ങിനെ തോന്നാൻ മതിയായ കാരണമൊന്നുമില്ല.

MR. PAUL THALIAT : ഈ കൊല്ലത്തിൽ എങ്കിലും കൂടുതൽ തുക ചെലവു് ചെയ്യാമോ?

HON'BLE. MR. N. KUJNURAMAN : ആവശ്യമുണ്ടെന്നു തോന്നുന്ന പക്ഷം അങ്ങനെ ചെയ്യാവുന്നതാണ്.

ട്രാൻസ്പോർട്ട് ലൈനുകൾ.

*53 MR. ABDUL MAJEED (*Chirayinkil III—Muislm Reserved*)

താഴെ കാണുന്ന ചോദ്യത്തിനു ബഹു. ട്രാൻസ്പോർട്ട് വകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ?

ചിറയിൻകീഴ് താലൂക്കിൽ വക്കല-ആറ്റുങ്ങൽ, ആറ്റുങ്ങൽ-കിളിമാനൂർ, ആറ്റുങ്ങൽ-കായിക്കര എന്നീ ലൈനുകളിൽ ട്രാൻസ്പോർട്ട് സർവ്വീസ് നടത്തുവാൻ വേണ്ട സത്വര നടപടികൾ ആരംഭിക്കുമോ?

HON'BLE MR. K. R. ELANKATH : ട്രാൻസ്പോർട്ട് ലൈനുകളുടെ വിപുലീകരണം ചില പദ്ധതികൾക്കു വിധേയമായിട്ടാണ് നടത്തുന്നതു്. ഇന്നത്തെ പദ്ധതി അനുസരിച്ചു് ഈ ലൈനുകൾ ഉൾപ്പെടുന്നില്ല. പ്രധാനപ്പെട്ട ലൈനുകൾ കൂടുതൽ പ്രവർത്തനസാദ്ധ്യമാക്കിയതിനു ശേഷം ഈ കാര്യത്തെപ്പറ്റി അനുഭാവപൂർവ്വം ആലോചിക്കാം.

MR. ABDUL MAJEED : അടുത്ത കാലത്തു് അതിനുള്ള സാദ്ധ്യതയുണ്ടോ?

HON'BLE MR. K. R. ELANKATH : അതു് ബസ്സുകളുടെ എണ്ണം മുതലായവയെ ആശ്രയിച്ചിരിക്കും. എന്നാൽ ഈ റോഡുകളിൽ കൂടുതൽ ആവശ്യമാണെന്നു ബോദ്ധ്യമായാൽ ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണ്.

*54 കഴിഞ്ഞ സെഷനിലെ ചോദ്യങ്ങൾക്കു ഉത്തരം.

MR. P NANOO (*Chiryinkil II—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ അസംബ്ലിസെഷനിൽ ഉത്തരം ആവശ്യപ്പെട്ടുകൊണ്ടു അയച്ചിരുന്ന ചോദ്യങ്ങൾക്കു നിശ്ചിത തീയതികളിൽ തന്നെ

LIBRARY ARCHIVES Kerala Legislative Assembly